# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 3854

25.06.2013ൽ മറുപടിക്ക്.

### ബേപ്പൂർ മണ്ഡലത്തിലെ നിർദ്ദേശ് പ്രോജക്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) ബേപ്പൂർ മണ്ഡലത്തിലെ ചാലിയത്ത് നിർദ്ദേശ് പ്രോജക്ടുമായി ബന്ധപ്പെട്ട് പരിസരവാസികളുടെ ക്ഷേമത്തിനായി നിർദ്ദേശിക്കപ്പെട്ട പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;<br><br>ബി) ഈ പദ്ധതി അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ;<br><br>സി) ഇല്ലെങ്കിൽ ഉടനെ അനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ? | എ), ബി) & സി): പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള 'യുദ്ധകപ്പൽ/അന്തർവാഹിനി രൂപകൽപന നിർമ്മാണ കേന്ദ്രം' കോഴിക്കോട് സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ കടലുണ്ടി വില്ലേജിൽ 40.52 ഏക്കർ സർക്കാർ ഭൂമി മാസഗോൺ ഡോക്ക് ലിമിറ്റഡിന് പതിച്ചു നൽകികൊണ്ട് 10.08.2010 ലെ ജി.ഒ.(എം.എസ്) നം. 332/2010/റവന്യൂ എന്ന നമ്പരിൽ സർക്കാർ ഉത്തരവാകുകയും ഭൂമി 24.09.2010 ന് മാസഗോൺ ഡോക്ക് ലിമിറ്റഡിന് കൈമാറുകയും ചെയ്തു. എന്നാൽ പദ്ധതി ബാധിത സമീപവാസികളുടെ വിവിധ ആവശ്യങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച് നിരവധി ചർച്ചകൾ നടത്തിയിട്ടും ഉദ്ദേശിച്ച ഫലം കാണാത്തതിനാൽ 03.01.2013-ൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.<br>1. പദ്ധതി പ്രദേശത്തോടു ചേർന്ന് കിടക്കുന്ന വനഭൂമിയിലെ താമസക്കാരായ 21 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നകാര്യം പരിഗണിക്കും.<br>2. പദ്ധതി ബാധിതരായേക്കാവുന്ന 23 കുടുംബങ്ങൾക്ക് ഉടനടി പുനരധിവാസം നടപ്പാക്കും.<br>3. സമീപ പ്രദേശത്തുള്ള മറ്റ് 125 കുടുംബങ്ങൾക്ക് സീറോ ലാന്റ് ലെസ് സ്കീം പോലുള്ള മറ്റേതെങ്കിലും പൊതു ഭവന പദ്ധതിയിലുൾപ്പെടുത്തി വീടുനൽകും.<br>4. പദ്ധതി പ്രദേശത്തിനടുത്തുള്ള പ്രൈമറി ഹെൽത്ത് സെന്റർ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശം ഹെൽത്ത് ഡയറക്ടർക്ക് നൽകും.<br>5. നിർദ്ദേശിന്റെ സാമ്പത്തിക സഹായത്തോടു കൂടി പദ്ധതി പ്രദേശത്തിനടുത്തുള്ള 20 സെന്റ് പുറമ്പോക്ക് ഭൂമിയിൽ ഒരു സ്കിൽ ഡവലപ്മെന്റ് സെന്റർ തുടങ്ങും. |

6. സമീപ വാസികളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകും.

മേൽ യോഗതീരുമാനപ്രകാരം നിർദേശ് പ്രോജക്ട് ഭൂമിയോടു ചേർന്നു കിടക്കുന്ന കടൽ പുറമ്പോക്കു ഭൂമിയിൽ ഉൾപ്പെട്ട 23 കുടുംബങ്ങൾക്ക് ഉടൻ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനും മറ്റ് 125 കുടുംബങ്ങൾക്ക് സീറോ ലാന്റ് ലെസ് സ്കീം പോലുള്ള മറ്റേതെങ്കിലും പൊതു ഭവന പദ്ധതിയിലുൾപ്പെടുത്തി വീടുനൽകണമെന്നുമുള്ള നിർദ്ദേശം കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. അതിൻ പ്രകാരം നിർദ്ദേശ് പ്രോജക്ടിനടുത്തുള്ള വനഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് വനഭൂമി വിട്ടുകിട്ടുന്നതിനായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. കടൽ പുറമ്പോക്കിൽ താമസിക്കുന്ന 23 കുടുംബങ്ങൾക്ക് കൈവശരേഖ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി പ്രദേശത്തിന് പുറത്ത് നിലവിലുള്ള ആരോഗ്യവകുപ്പിന്റെ സബ് സെന്റർ പ്രൈമറി ഹെൽത്ത് സെന്റർ ആയി ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, തദ്ദേശ വാസികളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി കുടിവെള്ളം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ